**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ : 3137 | 07.11.2019 ൽ<br>മറുപടിയ്ക്ക് |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. എസ്. ശർമ്മ :** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി** |

## എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹെഡ് ടീച്ചർ ഒഴിവ്

| ചോദ്യം | ഉത്തരം |
|---|---|
| (എ) എറണാകുളം ജില്ലയിലെ എൽ.പി, യു.പി സ്കൂളുകളിലെ ഹെഡ് ടീച്ചർ ഒഴിവ് സംബന്ധിച്ച വിശദാംശം നൽകാമോ ; | (എ) ഹെഡ് ടീച്ചർ ഒഴിവ് എന്നാൽ ഹെഡ്മാസ്റ്റർ തസ്തികയിലുണ്ടാകുന്ന ഒഴിവാണ്. ഇത്തരം ഒഴിവുകൾ ചട്ടപ്രകാരം സീനിയോറിറ്റി അടിസ്ഥാനമാക്കി അതാത് സമയത്ത് തന്നെ പ്രൊമോഷൻ വഴി നികത്തി വരുന്നുണ്ട്. എന്നാൽ നിശ്ചിത എണ്ണം കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ഹെഡ് ടീച്ചറെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന എൽ.പി.എസ്.ടി, യു.പി.എസ്.ടി ഒഴിവുകൾ ഉണ്ടാകുന്നുണ്ട്. അപ്രകാരം നിലവിൽ എറണാകുളം ജില്ലയിലുള്ള ഒഴിവുകൾ ചുവടെപ്പറയുന്നു.<br>ഗവൺമെന്റ് എൽ.പി.എസ്.ടി - 20<br>ഗവൺമെന്റ് യു.പി.എസ്.ടി - 13<br>എയ്ഡഡ് എൽ.പി.എസ്.ടി - 65<br>എയ്ഡഡ് യു.പി.എസ്.ടി - 46. |
| (ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നത് എപ്രകാരമെന്ന് വ്യക്തമാക്കാമോ ; | (ബി) എയ്ഡഡ് മേഖലയിലുള്ള ഇത്തരം ഒഴിവുകൾ സംരക്ഷിത അദ്ധ്യാപകരെ ഉപയോഗിച്ചും സർക്കാർ മേഖലയിൽ ദിവസവേതനാടിസ്ഥാനത്തിലും ആണ് നികത്താൻ നിർദ്ദേശമുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഒഴിവുള്ള തസ്തികകളിൽ എന്നത്തേക്ക് നിയമനം നടത്തുമെന്ന് അറിയിക്കുമോ ; | (സി) | 2019-20 സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് തിട്ടപ്പെടുത്തിയ പരമാവധി തസ്തികകളിൽ നിയമനം നടത്തിക്കഴിഞ്ഞു. അപ്പീൽ/റിവിഷൻ സ്റ്റേജുകളിലുള്ള സ്റ്റാഫ് ഫിക്സേഷൻ സംബന്ധമായ തീരുമാനങ്ങൾ പൂർത്തിയാകുന്ന മുറക്ക് മാത്രമേ ബാക്കി ഒഴിവുകളുടെ എണ്ണം കൃത്യമാകുകയുള്ളൂ. |
| (ഡി) | പ്രസ്തുത തസ്തികകളിൽ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ; വ്യക്തമാക്കാമോ ? | (ഡി) | ഇക്കാര്യം തല്ക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**